# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങളായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.3/1556/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/10/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങളായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.3/1556/23 തീയ്യതി: 25/10/2023

## കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-01-2023 മുതൽ 18-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ .എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 03-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2023 | 03-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മനോജ്കുമാർ ടി ജോർജ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി.ധന്യ എം.വി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.നിഖിൽ കെ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. വി.പി. മോഹനൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ . രാജേഷ് കെ. കെ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്മിത എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2022 |
| ശ്രീ . രമേശൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 08-02-2023 |
| ശ്രീ. പ്രകാശൻ എൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 09-02-2023 | 19-02-2023 |
| ശ്രീ . രമേശൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 20-02-2023 | 02-03-2023 |
| ശ്രീ. പ്രകാശൻ എൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 03-03-2023 | 31-03-2023 |
| ശ്രീ. രൂപേഷ് ടി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 29-07-2022 |
| ശ്രീമതി. കാവ്യ കെ.വി | അസിസ്റ്റന്റ് എൻജിനീയർ | 30-07-2022 | 13-09-2022 |
| ശ്രീമതി ബിന്ദ്യ കെ.വി. | അസിസ്റ്റന്റ് എൻജിനീയർ | 14-09-2022 | 26-09-2022 |
| ശ്രീമതി. ശ്രീലത പി. | അസിസ്റ്റന്റ് എൻജിനീയർ | 27-09-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു കെ.കെ. | വി.ഇ.ഒ. ചുഴലി | 01-04-2022 | 31-03-2023 |
| ഡോ. അമ്മു ബി.ബി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. അജയ് ലോറൻസ് ഡിസിൽവ | വെറ്ററനറി സർജൻ | 01-04-2022 | 02-11-2022 |
| ഡോ. അനുമോൾ ജോസഫ് | വെറ്ററനറി സർജൻ | 03-11-2022 | 31-03-2023 |
| ശ്രീമതി നളിനാമ്മ കെ.ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അമിതാ സിസിൽ | കൃഷി ഓഫീസർ | 01-04-2022 | 28-02-2023 |
| ശ്രീ. നാരായണൻ പി. | കൃഷി ഓഫീസർ | 01-03-2023 | 31-03-2023 |
| ശ്രീ. ജോസ് ജയകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുള്ള കെ.പി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-10-2022 |
| ശ്രീമതി. മിനി നാരായണൻ പി.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-11-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ഷക്കീർ മുഹമ്മദ് കുഞ്ഞി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., ചെങ്ങളായി | 01-04-2022 | 31-03-2023 |
| ശ്രീമതി കവിത കെ.കെ. | വി.ഇ.ഒ., ചെങ്ങളായി | 01-04-2022 | 10-11-2022 |
| ശ്രീമതി രേഷ്മ എം.വി. | വി.ഇ.ഒ., ചെങ്ങളായി | 11-11-2022 | 31-03-2023 |
| ശ്രീമതി പുഷ്പ പി. | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. പരിപ്പായി | 01-04-2022 | 04-07-2022 |
| ശ്രീ.നാരായണൻ എം.വി. | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. പരിപ്പായി | 05-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ദുരിതാശ്വാസ നിധി നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-1 |
| 3 | ധനകാര്യ കമ്മീഷൻ അവാർഡ്- അപാകങ്ങൾ | 1-1-2 |
| 4 | കാലാവധി കഴിഞ്ഞ ചെക്ക് തുടർ നടപടികളില്ലാതെ സൂക്ഷിച്ചിരിക്കുന്നു. തുക എൻട്രി വരുത്തിയതിലും വ്യത്യാസം | 1-1-3 |
| 5 | എ.സി.ആർ സൂക്ഷിച്ചിട്ടില്ല. | 1-1-4 |
| 6 | അനുബന്ധ പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. | 1-1-6 |
| 8 | ബി-18 ഷെഡ്യൂൾ അപൂർണ്ണം | 1-1-7 |
| 9 | ക്യാഷ് ഫ്ലോ പത്രികയിൽ പൊരുത്തക്കേട് | 1-1-8 |
| 10 | ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് തുകകൾ പദ്ധതി ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | രജിസ്റ്ററുകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | ബി9 ഷെഡ്യൂൾ- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-11 |
| 13 | ബാങ്ക് പാസ്ബുക്കുകൾ ഹാജരാക്കിയില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപെൻഷൻ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | ഗ്രാമ സഭ | 1-10 |
| 23 | നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി. | 1-11 |
| 24 | 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി-കുടിശ്ശിക ഉൾപ്പെടെ വസ്തു നികുതി ഈടാക്കേണ്ടതാണ്. | 1-12 |
| 25 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം-ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ് | 1-13 |

| | | |
|---|---|---|
| 26 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 1-14 |
| 27 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ. | 1-15 |
| 28 | വാടക കാലോചിതമായി വർധിപ്പിക്കാത്തത്-വരുമാന നഷ്ടമുണ്ടാക്കുന്നു. | 1-16 |
| 29 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഡിമാൻഡ് ചെയ്യുന്നതിലും ചുമത്തുന്നതിലുമുള്ള അപാകങ്ങൾ | 1-17 |
| 30 | തനത് വരുമാനം-പൊതു അവലോകനം | 1-18 |
| 31 | കോക്ലിയാർ ഇംപ്ലാന്റ് ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക ₹100000 തടസ്സപ്പെടുത്തുന്നു. | 1-19 |
| 32 | എ.ബി.സി. പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചില്ല. 100000 രൂപ തടസപ്പെടുത്തുന്നു. | 1-20 |
| 33 | ഇ ടെണ്ടർ തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-21 |
| 34 | ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹92557 തടസ്സപ്പെടുത്തുന്നു | 1-22 |
| 35 | സ്മാർട്ട് ഐ പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. 177000 രൂപ തടസപ്പെടുത്തുന്നു. | 1-23 |
| 36 | നിക്ഷേപ പ്രവൃത്തികൾ -അവലോകനം | 1-24 |
| 37 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ-രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 1050000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 38 | അങ്കണവാടി പോഷകാഹാരം-പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ. | 1-26 |
| 39 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-27 |
| 40 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവു ചെലവ് കണക്കുകൾ ഹാജരാക്കുന്നില്ല | 1-28 |
| 41 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ-സബ്സിഡി മാർഗ്ഗരേഖ,യൂണിറ്റ് കോസ്റ്റ് എന്നിവയിൽ അധികരിച്ച് തുക നൽകിയത്- 29000 രൂപ നിരാകരിക്കുന്നു. | 1-29 |
| 42 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-30 |
| 43 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികൾ - പ്രോക്യുർമെന്റ് ചട്ടങ്ങൾ പാലിച്ചിട്ടില്ല - 149803 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-31 |
| 44 | ലൈബ്രറി സെസ് ഒടുക്കുന്നതിലെ കാല താമസം ഒഴിവാക്കേണ്ടതാണ്. | 1-32 |
| 45 | മുറ്റത്തൊരു മീൻതോട്ടം- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് | 1-33 |

| | | |
|---|---|---|
| | സബ്സിഡി തുക അനുവദിച്ചു - 12680 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |
| 46 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല. | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ-സബ്സിഡി മാർഗ്ഗരേഖ,യൂണിറ്റ് കോസ്റ്റ് എന്നിവയിൽ അധികരിച്ച് തുക നൽകിയത്- 29000 രൂപ നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെവിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ ചെലവ് വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ, വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1)കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചെങ്ങളായി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 15-07-2023 തീയ്യതിയിലെ 166/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 19-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 31-03- 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
25.10.2023

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.

## 1-1-1 ദുരിതാശ്വാസ നിധി നീക്കിയിരിപ്പിൽ വ്യത്യാസം

ദുരിതാശ്വാസ നിധി ഇനത്തിലുള്ള നീക്കിയിരിപ്പ് ബി2 ഷെഡ്യൂൾ പ്രകാരം ₹5535 ആണ്. എന്നാൽ ബി 17, ആർ.പി. 40 (ബി), എന്നിവ പ്രകാരം ₹1355 ആണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

## 1-1-2 ധനകാര്യ കമ്മീഷൻ അവാർഡ്- അപാകങ്ങൾ

ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക ₹10498229 ആണ്. എന്നാൽ ഐ6 ഷെഡ്യൂൾ പ്രകാരം ₹4364534 (281935+1054936+3027663) ആണ്. വ്യത്യാസത്തിന്റെ കാരണം

വ്യക്തമാക്കിയിട്ടില്ല. എ.സി.ആർ പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് അൺ ടൈഡ് മൈനസ് ബാലൻസ് ആയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

ബി4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി ബേസിക് ഗ്രാന്റ് നീക്കിയിരിപ്പ് ₹146501യും ടൈഡ് ഫണ്ട് നീക്കിയിരിപ്പ് ₹3012447യും ആണ്. (ആകെ 3158948) എന്നാൽ ബി17/ആർ.പി. 40 ബി ഷെഡ്യൂളുകൾ പ്രകാരം കേരള ഗ്രാമീൺ ബാങ്ക് സി.എഫ്.സി. അക്കൗണ്ടിന്റെ നീക്കിയിരിപ്പ് ₹4333859യാണ്.

## 1-1-3 കാലാവധി കഴിഞ്ഞ ചെക്ക് തുടർ നടപടികളില്ലാതെ സൂക്ഷിച്ചിരിക്കുന്നു. തുക എൻട്രി വരുത്തിയതിലും വ്യത്യാസം

തളിപ്പറമ്പ് അഡീഷണൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ നിന്നും ലഭിച്ച ചെക്ക് (GJ3653439/23-01-23) ഇപ്പോഴും ശ്രീകണ്ഠാപുരം എൽ.ജി. ടി.എസ്.ബി അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ അൺക്യാഷ്ഡ് ആയി തുടരുകയാണ്. ചെക്ക്സ് & ഡ്രാഫ്റ്റ്സ് രജിസ്റ്ററിൽ ഈ ചെക്ക് ലഭിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. കാലാവധി കഴിഞ്ഞ ചെക്ക് ഇപ്പോൾ ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷിച്ചിരിക്കുകയാണ്. ചെക്ക് ₹11028യുടെയാണ്. എന്നാൽ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിലും ബാങ്ക് ബുക്കിലും ₹13289യെന്നാണ് ചേർത്തിരിക്കുന്നത്. ഈ തുകയുടെ വിശദാംശങ്ങൾ (ഏതു വ്യക്തിയിൽ നിന്നും ഈടാക്കിയതാണ്, ഡിമാൻഡ് തുക, അടച്ച തുക എന്നിവ ഉൾപ്പെടെ) വിശദീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-4 എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ആയതു കൊണ്ടു തന്നെ പ്രസ്തുത ഇനങ്ങളിലെ വരവ് ചെലവുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-5 അനുബന്ധ പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-6 ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-1-7 ബി-18 ഷെഡ്യൂൾ അപൂർണ്ണം

2022-23 വർഷം ചെങ്ങളായി പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കും പ്രകാരമുള്ള നിക്ഷേപ പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം 2023-24ൽ ആണ് ലഭിച്ചത്.

| പ്രോജക്റ്റ് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | വൗച്ചർ നമ്പർ, തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| SO212/23 | ആലുവച്ചകരി ശ്മശാനത്തിലേക്ക് ത്രീ ഫേസ് ലൈൻ വലിക്കൽ | 400000 തനത് ഫണ്ട് | 42834 | 244/3-03-23 | കെ.എസ്. ഇ. ബി. ഇലക്ട്രിക്കൽ സെക്ഷൻ ശ്രീകണ്ഠാപുരം |

എന്നാൽ ബി18 ഷെഡ്യൂളിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല. Advance To Implementing Officers എന്ന ഹെഡ്ഡിൽ ₹360000 യാണ് ബി.18 ഷെഡ്യൂളിൽ ഉള്ളത്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ പ്രീ മൺസൂൺ ഇനത്തിലുള്ള ₹180000 മാത്രമേ നീക്കിയിരിപ്പായി രേഖപ്പെടുത്തി കാണുന്നുള്ളൂ. ഇത് സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-1-8 ക്യാഷ് ഫ്ലോ പത്രികയിൽ പൊരുത്തക്കേട്

ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-9 ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് തുകകൾ പദ്ധതി ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനങ്ങളിൽ ഐ6 ഷെഡ്യൂളിൽ ചേർത്ത ചെലവ് തുകകളും സുലേഖാ പദ്ധതി ചെലവ് പത്രികയിലെ ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഐ6 ഷെഡ്യൂളിൽ ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിലുള്ള ചെലവ് ₹1583262യും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് ₹2941057യുമാണ്. എന്നാൽ പദ്ധതി ചെലവ് പത്രികയിൽ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് ₹2128012യും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് ₹4959056യും ആണ്. പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ജില്ലാ, ബ്ലോക്ക് വിഹിതം ഇനത്തിൽ തലേവർഷത്തെ ബി4 ഷെഡ്യൂളിൽ ഉള്ള നീക്കിയിരിപ്പ് തുകകൾ ഈ വർഷവും തുടരുകയാണ്. ആർ.പി. 30യിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം തുക മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളു. പ്രസ്തുത തുകയും പദ്ധതി ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ജില്ലാ, ബ്ലോക്ക് വിഹിതം ഇനത്തിലുള്ള നീക്കിയിരിപ്പ് തുകകൾ തൻവർഷത്തെ വരവ് എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-10 രജിസ്റ്ററുകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് 2022-23 വർഷത്തെ എഫ്.ടി.ഇ. & ഒ.എസ്. രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടർ ഫോമിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-11 ബി9 ഷെഡ്യൂൾ- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബി9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-12 ബാങ്ക് പാസ്ബുക്കുകൾ ഹാജരാക്കിയില്ല

താഴെ ചേർക്കുന്ന അക്കൗണ്ടുകളുടെ പാസ് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ |
|---|---|
| 1 | SBI E Sand 90827 (67191290827) |
| 2 | SBI E Payment 22864 (37221522864) |
| 3 | Nationalised Bank Account Of Own Revenue Fund |
| 4 | Other Co-operative Bank DRF 5241 |
| 5 | Other Co-operative Bank Own Fund 1186 |
| 6 | Co-operative Bank Account Of Own Revenue Fund |

കാനറാ ബാങ്ക് ശ്രീകണ്ഠാപുരം ബ്രാഞ്ചിലെ 110043936036 നമ്പർ അക്കൗണ്ടിന്റെ പാസ് ബുക്ക് 1-02-2023ന ശേഷം കാലികമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 21-03-2022 തീയതിയിലെ യോഗത്തിലെ 7/2022 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കിയ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 23-03-2022 തീയതിയിൽ ചേർന്ന ഭരണസമിതി യോഗത്തിൽ അംഗീകരിച്ചു. (തീരുമാനം നമ്പർ-57/2022) ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 02-03-2023 യോഗത്തിലെ 33/2023 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ 2022-23 വർഷത്തെ പരിഷ്കരിച്ച ബജറ്റിന് ഭരണസമിതിയുടെ 04-03-2023 തീയതിയിലെ 58/23(1) തീരുമാന പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|

| | | |
|---|---|---|
| മുന്നിരിപ്പ് | 16500000 | 35941715 |
| വരവ് | 762722790 | 829632274 |
| ആകെ | 779222790 | 865573989 |
| ചെലവ് | 760551830 | 854541694 |
| നീക്കിയിരിപ്പ് | 18670960 | 11032295 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16399576 |
| വരവ് | 50961002 |
| ആകെ | 67360578 |
| ചെലവ് | 45506719 |
| നീക്കിയിരിപ്പ് | 21853859 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | 29000 |
| തടസ്സപ്പെടുത്തിയ തുക | 1682040 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 23478856 | 23478856 | 23379799 | 99057 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 5043000 | 5043000 | 5043000 | - |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 461000 | 461000 | 461000 | - |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 8765000 | 8765000 | 6945901 | 1819099 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 6553000 | 6553000 | 6126302 | 426698 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | - | 4152372 | 4152372 | 4346921 | -194549 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | 7354191 | 7354191 | 6151308 | 1202883 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 61579 | 49177666 | 49239245 | 46855924 | 2383321 |
| ഐ.സി.ഡി.എസ് | - | 2285290 | 2285290 | 1443550 | 841740 |
| ടി.എസ്.സി | 2505662 | - | 2505662 | - | 2505662 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 42681 | - | 42681 | - | 42681 |

| | | | | | |
|---|---|---|---|---|---|
| എം.പി. ഫണ്ട് | 91004 | 2482 | 93486 | - | 93486 |
| നിർമ്മൽ പുരസ്കാർ | 72164 | - | 72164 | - | 72164 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | - | 325743 | 325743 | - | 325743 |
| ഹെൽത്ത് ഗ്രാന്റ് - ഹെൽത്ത് വെൽനെസ് സെന്റർ | - | 187641 | 187641 | - | 187641 |

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വരവ് ചെലവുകൾ സംബന്ധിച്ച് വ്യക്തമായ എ.സി.ആർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് നീക്കിയിരിപ്പ് മൈനസ് ആയതിന്റെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | മൊത്തം അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 116802386 | 168 | 67386442 | 47 | 28 | 61.73 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 12 | 3955178 | 3917928 | 99.05 |
| 2 | വെറ്ററനറി സർജൻ | 6 | 6 | 2378600 | 1653599 | 69.52 |
| 3 | മെഡിക്കൽ ആഫീസർ, പി.എച്ച്.സി./സി.എച്ച്.സി. | 12 | 8 | 3890017 | 2574279 | 66.17 |
| 4 | മെഡിക്കൽ ആഫീസർ ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| 5 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 140000 | 123490 | 88.20 |
| 6 | വി.ഇ.ഒ ചുഴലി സർക്കിൾ | 14 | 12 | 3798593 | 2734770 | 71.99 |
| 7 | വി.ഇ.ഒ ചെങ്ങളായി സർക്കിൾ | 11 | 8 | 40083716 | 7538241 | 18.80 |
| 8 | ICDS സൂപ്പർവൈസർ | 13 | 12 | 10376385 | 8463010 | 81.56 |
| 9 | സെക്രട്ടറി | 34 | 26 | 11429503 | 8557816 | 74.87 |
| 10 | ഹെഡ്മാസ്റ്റർ | 7 | 7 | 2064960 | 1875635 | 90.83 |
| 11 | അസി.എഞ്ചിനീയർ | 79 | 70 | 35630434 | 26929618 | 75.58 |
| 12 | ഡയറി ഫാം ഇൻസ്ട്രക് ടർ | 1 | 1 | 1050000 | 1050000 | 100 |
| 13 | അസി.സെക്രട്ടറി | 5 | 4 | 1505000 | 14680564 | 97.55 |
| | ആകെ | 196 | 168 | 116802386 | 67386442 | 57.69 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 61579 | 2412994 | 2474573 | 91252 | 2383321 |
| തൊഴിൽകൂലി + മെറ്റീരിയൽ | | 46764672 | 46764672 | 46764672 | ഇല്ല |
| ആകെ | 61579 | 49177666 | 49239245 | 46855924 | 2383321 |

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5227 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 2336 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇവരിൽ 52 പേർ 100 തൊഴിൽ ദിനങ്ങൾ ജോലി ചെയ്തിട്ടുണ്ട്. ആകെ 105369 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി മാത്രം ബന്ധപ്പെട്ട പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

## 1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം 2022-23 | ചെലവഴിച്ച തുക (₹) 2022-23 |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 587 | 64,52,400 |
| വിധവാ പെൻഷൻ | 1386 | 1,43,97,200 |
| വാർദ്ധക്യകാല പെൻഷൻ | 2660 | 2,52,85,400 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 447 | 46,26,600 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 57 | 5,74000 |
| വിവാഹ ധനസഹായം | 7 | 2,10,000 |
| തൊഴിലില്ലായ്മ വേതനം | 0 | 0 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-09-2023 തീയതിയിൽ 02-20ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹38062യുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി 7/22 ഒഴികെയുള്ള മാസങ്ങളിൽ കാര്യാലയ യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ വഴി ജോലി വിഭജനം ക്രമീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് 2022-23 വർഷത്തിൽ ചെക്ക് ഇഷ്യു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമ സഭ

2022-23 വർഷത്തിൽ നാലു പ്രാവശ്യം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. കോറം തികഞ്ഞിട്ടുണ്ടെങ്കിലും ഗ്രാമസഭകളിൽ ജന പങ്കാളിത്തം കുറവാണ്.

## 1-11 നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207-ൽ വസ്തുനികുതി ഒഴിവാക്കി നൽകാവുന്ന കെട്ടിടങ്ങളെകുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി, ഉപനികുതി എന്നിവയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതിയും ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ/ഉടമയുടെ പേര് | തറ വിസ്തീർണം (ച.മീ) |
|---|---|---|---|
| 1 | 3/249 | ബാലകൃഷ്ണൻ എം | 73 |
| 2 | 6/96 | പി ഒ പ്രേമരാജൻ | 89.48 |
| 3 | 6/159 | കെ ടി മാത്യു | 95.76 |
| 4 | 7/342 | ഫ്രാൻസിസ് നെടുമ്പള്ളി | 84.5 |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.27/29.09.23) സഞ്ചയ സോഫ്റ്റ്‌വെയറിലെ സാങ്കേതിക തകരാറുമൂലം സംഭവിച്ചതാണെന്നും ആയത് സോഫ്റ്റ്‌വെയറിൽ പ്യൂരിഫിക്കേഷൻ ഓപ്പണാവുന്നമുറയ്ക്ക് വാർഡ് ക്ലർക്കമാർ പരിശോധന നടത്തി നികുതി ചുമത്തുന്നതാണെന്നും മറുപടി നൽകി.മേൽ പരാമർശിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി കുടിശ്ശിക സഹിതം വസ്തു നികുതി ഈടാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-12 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി-കുടിശ്ശിക ഉൾപ്പെടെ വസ്തു നികുതി ഈടാക്കേണ്ടതാണ്.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാക്കാനുള്ള കാരണം |
|---|---|---|---|---|
| 1 | 1/457 | 140 (താഴത്തെ നില) | ചേലോടൻ നാരായണൻ നമ്പ്യാർ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 3/119 | 67 (താഴത്തെ നില) | തോമസ് ജോൺ കട്ടപ്പിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 3/195 | 63 (താഴത്തെ നില) | കലിക്കോട്ട് വീട്ടിൽ രജിത അനിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 3/200 | 63 (താഴത്തെ നില) | ബേബി ദേവസ്യ തെന്നശ്ശേരിമലയിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 3/461 | 72 (താഴത്തെ നില) | ഇ കെ ദേവി | രേഖപ്പെടുത്തിയിട്ടില്ല |
| 6 | 4/222 | 107 (താഴത്തെ നില) | ചിറക്കര കടാങ്കോട്ട് യശോദ | രേഖപ്പെടുത്തിയിട്ടില്ല |
| 7 | 4/677 | 75 (താഴത്തെ നില) | കുഞ്ഞിരാമൻ താഴത്ത് വീട്ടിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 8 | 4/727 | 75 (താഴത്തെ നില), 50( ഒന്നാം നില) | പി നാരായണൻ | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 9 | 6/155 | 90 (താഴത്തെ നില) | കെ ടി മാത്യു | രേഖപ്പെടുത്തിയിട്ടില്ല |
| 10 | 6/156 | 120 (താഴത്തെ നില) | കെ ടി മാത്യു | രേഖപ്പെടുത്തിയിട്ടില്ല |
| 11 | 6/160 | 71.4 (താഴത്തെ നില) | കെ ടി മാത്യൂ | രേഖപ്പെടുത്തിയിട്ടില്ല |
| 12 | 6/407 | 65.6 (താഴത്തെ നില) | വേങ്ങ മല തങ്കപ്പൻ | രേഖപ്പെടുത്തിയിട്ടില്ല |
| 13 | 7/251 | 62.64 (താഴത്തെ നില) | ഇ ടി ഗോപിനാഥൻ | രേഖപ്പെടുത്തിയിട്ടില്ല |
| 14 | 7/339 | 119 (താഴത്തെ നില) | കണ്ണന്താനം ജോസഫ് സാമുവൽ | രേഖപ്പെടുത്തിയിട്ടില്ല |
| 15 | 8/55 | 80 (താഴത്തെ നില) | മലയൻ കുന്നേൽ തോമസ് | രേഖപ്പെടുത്തിയിട്ടില്ല |
| 16 | 8/72 | 120 (താഴത്തെ നില) | നെല്ലിക്കുന്ന് ജപമാല രാജ്ഞി | രേഖപ്പെടുത്തിയിട്ടില്ല |
| 17 | 8/158 | 62 (താഴത്തെ നില) | കൊവ്വൽപുരയിൽ സൈനബ | രേഖപ്പെടുത്തിയിട്ടില്ല |
| 18 | 8/260 | 71 (താഴത്തെ നില) | കുറ്റ്യാട്ട് വീട്ടിൽ പാർവ്വതി | രേഖപ്പെടുത്തിയിട്ടില്ല |
| 19 | 9/655 | 68 (താഴത്തെ നില) | മുക്കാടത്ത് പുതിയപുരയിൽ മറിയം | രേഖപ്പെടുത്തിയിട്ടില്ല |
| 20 | 13/96 | 71.36 (താഴത്തെ നില) | ഖദീജ | രേഖപ്പെടുത്തിയിട്ടില്ല |
| 21 | 13/255 | 70 (താഴത്തെ നില) | നബീസുമ്മ | രേഖപ്പെടുത്തിയിട്ടില്ല |
| 22 | 15/138 | 108.49 (താഴത്തെ നില) | കാനത്തുംചാൽ അഫ്സത്ത് | രേഖപ്പെടുത്തിയിട്ടില്ല |
| 23 | 15/239 | 141.79 (താഴത്തെ നില) | സെക്രട്ടറി സി പി എം ലോക്കൽ കമ്മിറ്റി | രേഖപ്പെടുത്തിയിട്ടില്ല |
| 24 | 15/334 | 90.72 (താഴത്തെ നില) | പന്നിത്തടത്തിൽ ഫാത്തിമ | രേഖപ്പെടുത്തിയിട്ടില്ല |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.4/25.09.23) സഞ്ചയ സോഫ്ട്‌വെയറിലെ സാങ്കേതിക തകരാറുമൂലം സംഭവിച്ചതാണെന്നും ആയത് സോഫ്ട്‌വെയറിൽ പ്യൂരിഫിക്കേഷൻ ഓപ്പണാവുന്ന മുറയ്ക്ക് വാർഡ് ക്ലർക്കുമാർ പരിശോധന നടത്തി നികുതി ചുമത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതും കുടിശ്ശിക സഹിതം വസ്തു നികുതി ഈടാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-13 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം-ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്

ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണെന്ന് കാണാൻ സാധിച്ചു.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.12/22.08.23) ലഭ്യമാക്കിയ മറുപടിയും ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർനടപടികളുടെ വിവരങ്ങളും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപന വിവരം | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗ ക്രമം | ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|---|
| 1 | 95 | ദിലീപ് പി പി | അനാദി, സ്റ്റേഷനറി | 10/369 | പാർപ്പിടാവശ്യം | അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിയതാണെന്ന് ബോധ്യപ്പെട്ടു. 2023-24 വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടില്ല. |
| 2 | 47 | എൻ മുസ്തഫ | ഫർണിച്ചർ വർക്സ് | 11/252A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | ഉപയോഗക്രമം വാണിജ്യാവശ്യത്തിലേക്ക് മാറ്റുന്നതിന് കത്ത് നൽകുന്നതാണ്. |
| 3 | 46 | എൻ മുസ്തഫ | മരമിൽ | 11/252 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർപിരി ഷെഡ് | ഉപയോഗക്രമം വാണിജ്യാവശ്യത്തിലേക്ക് മാറ്റുന്നതിന് കത്ത് നൽകുന്നതാണ്. |
| 4 | 103 | കല്ലേൻ കൃഷ്ണൻ | അനാദി കച്ചവടം | 8/111 | പാർപ്പിടാവശ്യം | 8/111 നമ്പർ പാർപ്പിടാവശ്യത്തിനുള്ളതാണ്. 2023-24ൽ തിരുത്തൽ വരുത്തിയിട്ടുണ്ട് |
| 5 | 144 | ബിജോ ജോർജ് | സ്റ്റേഷനറി സാധനം സ്റ്റോക്ക് ചെയ്യുന്നത് | 4/61C | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | മറുപടി വ്യക്തമല്ല |
| 6 | 238 | കുട്ടിപാറു പി ഓ | ഐശ്വര്യ കറി പൗഡർ യൂണിറ്റ് | 14/227 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | കുടുംബശ്രീ സംരംഭമായതിനാൽ തൽക്കാലത്തേക്ക് പഞ്ചായത്ത് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| 7 | 297 | കുഞ്ഞും ബിഡുക്ക ഹരിദാസ് | ബേക്കറി സാധനവും ശീതളപാനീയവും വിൽപ്പന | 18/193 | വ്യവസായത്തി നാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 2021-22 വർഷത്തെ ഓഡിറ്റ് പരാമർശ ത്തിന്റെ ഭാഗമായി ഉപയോഗക്രമം മാറ്റുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 8 | 310 | ഷുഹൈദ് പി വി | ചോക്ക്ളേറ്റ്, ബിസ്ക്കറ്റ്,സോഫ്റ്റ് ഡ്രിങ്ക്സ് വിൽപ്പന | 12/244A | വ്യവസായ ത്തിനാവശ്യ മുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | കെട്ടിട ത്തിന്റെ ഉപയോഗ ക്രമം മാറ്റുന്ന തിനായി ടിയാൾക്ക് കത്ത് നൽകുന്നതാണ്. |

നടപടി സ്വീകരിച്ച ക്രമ നമ്പർ 1, 4, 7 ഒഴികെയുള്ള മറ്റ് കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും സഞ്ചയയിൽ മാറ്റം വരുത്തിയ ശേഷം നികുതി പുനർനിർണയിച്ച രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

2022-23 സാമ്പത്തിക വർഷത്തിൽ മൊബൈൽ ടവർ വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാൻഡ്,കളക്ഷൻ വിവരങ്ങൾ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നമ്പർ | മൊബൈൽ ടവറിന്റെ പേര് | വാർഡ്/ കെട്ടിട നമ്പർ | നിർണ്ണയിച്ച വാർഷിക വസ്തു നികുതി + ലൈബ്രറി സെസ് (രൂപയിൽ ) | കുടിശ്ശിക വരുത്തിയ കാലയളവ് | ഈടാക്കേണ്ട കുടിശ്ശിക തുക (രൂപയിൽ ) (സഞ്ചയ പ്രകാരം) |
|---|---|---|---|---|---|
| 1 | റിലയൻസ് കമ്മ്യൂണിക്കേഷൻ | 7/415 | 8400+420 | 2013-14 രണ്ടാം അർദ്ധവർഷം മുതൽ 2022-23 വരെ | (8410+420)x9.5 = 83790 |
| 2 | റിലയൻസ് ഇൻഫോകോം എ&പി ആർക്കേഡ് | 10/101 | 5500+(138/137) (ഓരോ അർദ്ധ വർഷവും വ്യത്യസ്ത ലൈബ്രറി സെസ്സ് സഞ്ചയയിൽ കാണിച്ചത്) | 2019-20 വർഷം മുതൽ 2022-23 വരെ | 5500*4+ (138*4+137*4)=23100 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | 106890 |

₹106890 കുടിശ്ശികയായതിന് കാരണം അറിയിക്കുന്നതിനും വസ്തു നികുതി ഈടാക്കാത്തതുമായി ബന്ധപ്പെട്ടും സ്ഥാപനത്തിനെതിരെ കേസുണ്ടെങ്കിൽ ആയതിന്റെ കേസ് ഫയൽ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.6/25.9.23) ക്രമ നമ്പറുകൾ 1, 2ൽ പരാമർശിച്ച മൊബൈൽ ടവറുകൾക്കെതിരെ യഥാക്രമം 2013-14, 2019-20 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി കുടിശ്ശിക വരുത്തിയതിന് ബഹു.തളിപ്പറമ്പ മജിസ്ട്രേറ്റ് കോടതിയിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കേസിന്റെ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 16, 17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2022-23 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. തൊഴിൽ നികുതി റിട്ടേണുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം.

താഴെ പറയുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ അടിസ്ഥാന ശമ്പളമോ അർദ്ധവാർഷിക വരുമാനമോ രേഖപ്പെടുത്താത്തതിനാൽ അവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യത വ്യക്തമായിട്ടില്ല.

A. സി എച്ച് ബോർഡ്, കൂനം,

B. മുതിരക്കൽ കള്ള് ഷാപ്പ്,

C. മണക്കാട് കള്ള് ഷാപ്പ്,

D. കെ പി ആർ സ്റ്റോർസ് കൂനം,

E. ഹിൽടോപ്പ് ഗ്രാനൈറ്റ്സ് കൂനം റോഡ്.

F. അക്ഷയ ചെങ്ങളായി

2. എഫ്.ടി ഇ & ഒ എസ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

2022-23 സാമ്പത്തിക വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത / പുതുക്കിയ സ്ഥാപനങ്ങളിലെ ജോലിക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ലൈസൻസ് ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ | സ്ഥാപന വിവരം | കെട്ടിട നമ്പർ | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 302 | ബർമ ബോർഡ്സ് & പ്ലൈവുഡ്സ്,കൂനം | 17/550A,550B | 15 |
| 320 | ടോക്കിയോ ടൈൽ മാർക്കറ്റിംഗ് | 17/505A | 4 |
| 389 | ബെൻസർ ബോർഡ് | 17/503,504,505 | 10 |
| 430 | സെന്റ് ജോസഫ് വുഡ് ഇന്റഡസ്ട്രി | 10/91 | 5 |
| 359 | ആർജെ-സ് ബേക്കറി | 3/653 E, F | 5 |
| 394 | സ്മാർട്ട് ഇന്റർലോക്ക് | 1/365 J | 4 |
| 363 | ജെസിൻ ഹോട്ടൽ | 17/547 J | 3 |
| 369 | വി ഹെൽ റൂഫിങ് | 12/479 A | 4 |
| 258 | കാസ ബേക്സ് | 9/194A, 194B | 3 |

| | | | |
|---|---|---|---|
| 346 | വോയില എന്റർപ്രൈസസ് | 17/398B, C | 2 |
| 273 | എൻ പി മിനിമാർട്ട് | 13/167, 168 | 2 |
| 292 | ഡിജിറ്റൽ സേവാ കേന്ദ്ര | 14/367 | 2 |
| 213 | ഏഷ്യൻ ഇലക്ട്രിക്കൽസ് & പ്ലംബിംഗ് | 18/434 C,D,A,B | 2 |
| 334 | ശ്യാം ജനാക് വുഡ് ഫർണിച്ചർ | 2/289, 290 | 3 |

3.തൊഴിൽ നികുതി ഡാറ്റാ ബേസ് തയ്യാറാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ ചട്ടം 16, 17 പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യസ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാ ബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലേയും ഈടാക്കിയതിലേയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയംതൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.1/25.09.23) ക്രമ നമ്പർ 1ൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി മുൻവർഷങ്ങളിൽ ഈടാക്കിയ തുകയും നിരക്കും പരിശോധിച്ചാണ് ഈടാക്കിയതെന്നും അർദ്ധവാർഷിക വരുമാനം റിട്ടേൺ ഫോറത്തിൽ എഴുതാൻ വിട്ടുപോയതാണെന്നും മറുപടി നൽകി. ക്രമ നമ്പർ 2ൽ പരാമർശിച്ച സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകി പരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമെന്നും ക്രമ നമ്പർ 3-ൽ പരാമർശിച്ച ഡാറ്റ ബേസായി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. ക്രമ നമ്പർ 2 ഇൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യേണ്ടതും നികുതി ശോഷണം ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-16 വാടക കാലോചിതമായി വർധിപ്പിക്കാത്തത്-വരുമാന നഷ്ടമുണ്ടാക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വാടക ഡി സി ബി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14/227 നമ്പർ കെട്ടിടം വനിതാ വ്യവസായ കേന്ദ്രത്തിന് വാടകയ്ക്ക് നൽകിയിട്ടുണ്ട്.

കെട്ടിടത്തിന്റെ വാടകയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

A) വർഷങ്ങളായി ₹800 നിരക്കിലാണ് പ്രസ്തുത കെട്ടിടത്തിന് വാടക ഈടാക്കി വരുന്നത്.

B) 1994ലെ പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം ചട്ടങ്ങളിലെ ചട്ടം 3 (5,6,7) പ്രകാരം ബൈലോ തയാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്. അംഗീകരിച്ച ബൈലോ ലഭ്യമാക്കിയിട്ടില്ല.

വാടക കാലോചിതമായി വർദ്ധിപ്പിക്കാത്തതിനുള്ള കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.28/30.09.23) വനിതാ വ്യവസായ കേന്ദ്രത്തിന്റെ കെട്ടിടത്തിൽ കുടുംബശ്രീ പ്രവർത്തകർ സംരംഭം നടത്തുന്നതിനാലാണ് വാടക വർധിപ്പിക്കാതിരുന്നതെന്നും വനിതാ സംരംഭങ്ങൾക്ക് വേണ്ടിയുള്ള കെട്ടിടമായാണ് ടി കെട്ടിടം നിർമ്മിച്ചതെന്നും മറ്റുള്ള കാര്യങ്ങൾക്ക് വാടകയ്ക്ക് നൽകാൻ കഴിയാത്തതിനാലാണ് ബൈലോ അംഗീകാരം നേടാതിരുന്നതെന്നുമുള്ള മറുപടി നൽകി. അംഗീകൃത വാടക ബൈലോ ലഭ്യമാക്കേണ്ടതും ബൈലോയിലെ നിബന്ധനയ്ക്ക് വിധേയമായി വാടക വർധിപ്പിക്കേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇതിൽ ക്ഷണിച്ചു കൊള്ളുന്നു.

## 1-17 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഡിമാൻഡ് ചെയ്യുന്നതിലും ചുമത്തുന്നതിലുമുള്ള അപാകങ്ങൾ

31.10.2017ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ (സ ഉ (പി) നം 80/2017/ തസ്വഭവ പ്രകാരം പുറപ്പെടുവിച്ചത്) ചട്ടം 7, പട്ടിക II പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്.എന്നാൽ ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീസ് ഈടാക്കി കാണുന്നത്. പുതുക്കുന്ന അപേക്ഷകളുടെ സത്യവാങ്മൂലം എഴുതി വാങ്ങുകയും മുൻവർഷങ്ങളിലെ ലൈസൻസ് ഫീസ് ഈടാക്കുകയുമാണ് പഞ്ചായത്ത് ചെയ്തുവരുന്നത്. എന്നാൽ പുതിയ അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷകളിൽ മൂലധന നിക്ഷേപവും അന്വേഷണ റിപ്പോർട്ടും രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിർണയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.2/25.09.23) പുതിയ അപേക്ഷകളിൽ വാർഡ് ക്ലർക്കുമാർക്ക് അന്വേഷണത്തിന് നൽകി മൂലധന നിക്ഷേപം കണക്കാക്കിയാണ് ലൈസൻസ് ഫീ നിർണയിക്കുന്നതെന്ന മറുപടി ലഭ്യമാക്കി. മൂലധന നിക്ഷേപം കൃത്യമാണോ എന്നത് അന്വേഷണ റിപ്പോർട്ടിലൂടെ ഉറപ്പ് വരുത്തേണ്ടതും അതിനനുസൃതമായി ലൈസൻസ് ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനും അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-18 തനത് വരുമാനം-പൊതു അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് തനത് വിഭവസമാഹരണം അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ് എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതിനികുതിയേതര വരവുകളുടെ ശോഷണത്തിന് ഇടയാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിൽ തനത് വരുമാന വർദ്ധവിനുള്ള നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

വസ്തുനികുതി:

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും, നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെയടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിരുന്നവ) 2013 ഏപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തിക വർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-03-2023 തീയതിയിലെ സ.ഉ.(കൈ)നമ്പർ.77/2023 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും, 2023-24-ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി)25/23 05-04-2023 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 15-07-2023 തീയതിയിലെ 167/23 നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയയിൽ പുതിയ നിരക്ക് ലഭ്യമല്ലാത്തതിനാൽ പഴയ നിരക്കിലാണ് ഇപ്പോഴും വസ്തു നികുതി ഈടാക്കുന്നതെന്ന് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.7/25.09.23) മറുപടി നൽകി. ഒട്ടുമിക്ക കെട്ടിടങ്ങൾക്കും ഉപവിഭാഗങ്ങൾക്കും കൂടിയ നിരക്ക് തന്നെ അന്തിമ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. വരവിനങ്ങളിലെ കുടിശ്ശിക വിവരവും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വാണിജ്യ കെട്ടിടങ്ങളിലെയും വാസഗൃഹങ്ങളുടെയും നിയമാനുസൃതം ഒഴിച്ചിടേണ്ട മുൻവശത്തെ തുറസായ സ്ഥലങ്ങൾ ചട്ടവിരുദ്ധമായി കെട്ടിയടച്ച് നടത്തുന്ന നിർമാണങ്ങൾ പൊളിച്ച് നീക്കുന്നതിനുള്ള നോട്ടീസ് നൽകിയതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും കെട്ടിടയുടമകൾ 9 ബി ഫാറത്തിൽ നൽകിയ വിവരങ്ങളുടെയടിസ്ഥാനത്തിലും 01-04-2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ച വ്യവസ്ഥകൾ പ്രകാരവും ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. വസ്തുനികുതി ചുമത്തുന്നതിന് കെട്ടിടങ്ങളെ കണ്ടെത്തുന്നതിനുള്ള ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി ഐ എസ്) മാപ്പിംഗ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാത്ത സാഹചര്യത്തിൽ മുഴുവൻ കെട്ടിടങ്ങളും ഫീൽഡ് പരിശോധനയിലൂടെ തന്നെ കണ്ടെത്തേണ്ടതുണ്ട്. സർക്കാരിൽ നിന്നും ഇത് സംബന്ധിച്ച തുടർനിർദ്ദേശങ്ങൾ ലഭിക്കാത്തതിലാണ് തുടർനടപടികൾ സ്വീകരിക്കാതിരിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് അറിയിക്കുകയുണ്ടായി. അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയയിൽ ഉൾപ്പെടുത്തുന്ന തീയതിക്ക് മുൻപ് പഴയ നിരക്കുകളുടെയടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ മുഴുവൻ പുതിയ കെട്ടിടങ്ങളുടെയും നികുതി പരിഷ്കരിക്കേണ്ടതും നികുതി വ്യത്യാസം ക്രമീകരിക്കേണ്ടതുമുണ്ട്. ഇക്കാര്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

വസ്തുനികുതി - സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ച.

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ചെങ്ങളായി ഗ്രാമപഞ്ചായത്ത് ഇത്തരം സേവനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ വർഷങ്ങളായി ചെലവഴിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയിൻമേൽ സേവനഉപനികുതി നിശ്ചയിച്ച് ചുമത്തിയിട്ടില്ല. 2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തിലും സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4 |
| 2 | ജലവിതരണം | 3 |
| 3 | തെരുവ് വിളക്കുകൾ | 2 |
| 4 | ഡ്രെയിനേജ് | 1 |

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് സേവനഉപനികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

അനധികൃതനിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ച.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9ബി ഫാറത്തിൽ വിവരങ്ങൾ നൽകിയവരുടെ എണ്ണം 810 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുണ്ട്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ പ്രകാരം യു എ നമ്പർ നൽകി വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാകു. പരിശോധന ചുമതലയിലുള്ള ജീവനക്കാർ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്നതിനിടയാക്കുന്നുണ്ട്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

തൊഴിൽനികുതി:

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ

സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡാറ്റാ ബേസിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ രേഖപ്പെടുത്തിയ അർദ്ധ വാർഷിക വരുമാനവും തൊഴിൽ നികുതിയും ശരിയായ രീതിയിൽ പരിശോധനയ്ക്ക് വിധേയമാക്കാത്തത് കാരണം നികുതിയീടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. FTE&OS ലൈസൻസ് ഫീസ് ഭൂരിഭാഗവും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല ഈടാക്കുന്നത്. മാത്രമല്ല മൂലധന നിക്ഷേപം രേഖപ്പെടുത്തിയവയിൽത്തന്നെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE & OS ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണസ്ഥാപനത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

മറ്റ് വരവിനങ്ങൾ:

ഗ്രാമപഞ്ചായത്തത്തിന്റെ അധീനതയിലുള്ള വാടക മുറിയുടെ വാടക നിരക്ക് കാലോചിതമായി വർദ്ധിപ്പിക്കാത്തതു മൂലം ഈയിനത്തിൽ നഷ്ടം സംഭവിക്കുന്നു.അംഗീകൃത ബൈലോ ലഭ്യമാക്കിയതിന് ശേഷം ബൈലോകൾക്ക് വിധേയമായി വാടക വർധിപ്പിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ തനത് വരുമാന വർധനവിന്റെ ഭാഗമായി ഇക്കാര്യത്തിൽ ക്ഷണിച്ചു കൊള്ളുന്നു.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ:

1.കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പു വരുത്താവുന്നതാണ്.

3.ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നികുതി നിർണ്ണയ പരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വസ്തുനികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ്. അധിഷ്ഠിത വിവര സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

5. വാണിജ്യ പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ പാട്ടത്തിന് നല്കി വരുമാനം വർധിപ്പിക്കാവുന്നതാണ്.

6. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

8. 01-04-2023 മുതൽ പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ

കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കുന്നതിനും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാനവർദ്ധനവിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ.(കൈ).നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1-ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-19 കോക്ലിയാർ ഇംപ്ലാന്റ് ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക ₹100000 തടസ്സപ്പെടുത്തുന്നു.

2022-23 വർഷം ചെങ്ങളായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണ മെയ്ന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകുന്നതാണ് താഴെ പരാമർശിക്കുന്ന പ്രൊജക്റ്റ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നമ്പർ / പേര് | S0152/23 കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നൽകൽ |
| അടങ്കൽ | ₹100000 (വികസനഫണ്ട്-പൊതുവിഭാഗം സാധാരണവിഹിതം) |
| ചെലവ്₹100000 ബിൽ നം./തീയതി | 154/23.12.22/₹100000 (ACR പ്രകാരം) |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)115/22/തസ്വഭവ 28.05.2022 ഖണ്ഡിക 7(1)(ബി)(2)) പ്രകാരം ഇപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് ₹50000 നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് (70101140000134) മേൽ ബിൽ പ്രകാരം 2 കുട്ടികൾക്കായി ₹100000 കൈമാറിയിട്ടുണ്ട്. പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷൻ തുക കൈപ്പറ്റിയതിന്റെ രശീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.11/26.09.23) ആയത് ലഭ്യമായിട്ടില്ലായെന്ന മറുപടി നൽകി. കേരള സാമൂഹ്യ സുരക്ഷാമിഷൻ തുക കൈപ്പറ്റിയതിന്റെ രസീതും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹100000 തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം, മേൽ പറഞ്ഞ 2 കുട്ടികളുടെ ഉപകരണത്തിന്റെ മെയിന്റനൻസ് തൃപ്തികരമായി നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 എ.ബി.സി. പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചില്ല. 100000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | S0211/23 |
| പ്രോജക്റ്റിന്റെ പേര് | എ.ബി.സി. പദ്ധതി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ |
| അടങ്കൽ | 100000 (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 100000 |
| ബിൽ നമ്പർ, തീയതി | 218/14-02-2023 |

എ.ബി.സി. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള തുക കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ

അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നമ്പർ-14/27-09-2023) മറുപടിയോടൊപ്പം ഹാജരാക്കിയ ജില്ലാപഞ്ചായത്തിന്റെ കത്തിൽ (നമ്പർ ബി2-1643/23/16-09-23) തുക വിനിയോഗിക്കുന്ന മുറയ്ക്ക് തുക ഒടുക്കിയതിന്റെ മുൻഗണനാ ക്രമത്തിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. സ.ഉ(സാധാ)നം.2065/2022/LSGD/23.08.22 നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള രേഖകൾ ഹാജരാക്കേണ്ടതാണെന്ന് മേൽ സൂചിപ്പിച്ച ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയോ രേഖകളും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെയും വ്യക്തമായ മറുപടിയുടെയും അഭാവത്തിൽ ചെലവ് തുകയായ ₹100000 തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തിന് തുടർനടപടികൾ സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ഇ ടെണ്ടർ തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫാറം വില്പന ഇനത്തിലുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടു വന്നിരുന്നത്. 2015-16 മുതൽ 2021-22 വരെ ചെങ്ങളായി പഞ്ചായത്തിന് കൈമാറിക്കിട്ടേണ്ടതായ ₹447161 കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിൽ 188656 രൂപയേ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളൂ. ₹2,58,505 പഞ്ചായത്തിന് കൈമാറി കിട്ടേണ്ടതുണ്ട്. പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-22 ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹92557 തടസ്സപ്പെടുത്തുന്നു

2022-23 വർഷം ചെങ്ങളായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "ഐ.കെ.എം വിഹിതം ഒടുക്കൽ" എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നമ്പർ- S0115/23 അടങ്കൽ-92557 വികസന ഫണ്ട്, പൊതു വിഭാഗം) നിർവഹണത്തിന്റെ ഭാഗമായി ₹92557 (ബിൽ നമ്പർ-55/16-08-2022) ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 9/26.09.2023) മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്.

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ ₹92557 തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 സ്മാർട്ട് ഐ പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. 177000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S0227/23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഐ – ഫേസ് IIപൊതു ഇടങ്ങളിൽ സി.സി. ടി.വി. സ്ഥാപിക്കൽ |
| അടങ്കൽ | ₹250000 – തനത് ഫണ്ട് |
| ചെലവഴിച്ച തുക | ₹177000 |
| ബിൽ നമ്പർ, തീയതി | 275/17-03-2023 |

കണ്ണൂർ ജില്ലയിലെ എല്ലാ പ്രദേശങ്ങളെയും സി.സി. ടി.വി സർവയിലൻസ് പരിധിയിൽ കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി ചെങ്ങളായി 2022-23 വർഷത്തിൽ ₹177000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നമ്പർ- 17/27-09-2023) മറുപടിയോടൊപ്പം ഹാജരാക്കിയ ജില്ലാ പഞ്ചായത്തിന്റെ കത്തിൽ

(നമ്പർ-JSI-4470/2022/30-09-2023) ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നുണ്ടെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ ₹177000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 നിക്ഷേപ പ്രവൃത്തികൾ -അവലോകനം

ചെങ്ങളായി ഗ്രാമ പഞ്ചായത്തിലെ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം താഴെ ചേർക്കും പ്രകാരമുള്ള നിക്ഷേപ പ്രവർത്തികൾ നടപ്പിലാക്കിയിരുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യ പത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ. എസ്. ഇ. ബി. ശ്രീകണ്ഠാപുരം സെക്ഷൻ | പട്ടിക ജാതി കോളനികളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ (പ്രോജക്ട് നമ്പർ SO182/23) | 143/8-12-22 | 82093 | 82093 | - |
| ടി | ആലുവച്ചകരി ശ്മശാനത്തിലേക്ക് ത്രീ ഫേസ് ലൈൻ വലിക്കൽ<br>SO 50/23 | 244/3-03-23 | 42834 | 42834 | - |

ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും നിക്ഷേപ പ്രവൃത്തികളുടെ പുരോഗതി യഥാസമയം വിലയിരുത്തുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. മുൻവർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/26.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾ നടത്തുമ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.03.2022, 10.07.2022 തീയതികളിലെ യഥാക്രമം ഡി.എ.1 64/22, 179/22 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-25 ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ-രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 1050000/-രൂപ തടസ്സപ്പെടുത്തുന്നു.

ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസക്കാരായ ക്ഷീര കർഷകർക്ക് 2022-23 സാമ്പത്തിക വർഷം ക്ഷീര സംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ലിറ്റർ ഒന്നിന് മൂന്ന് രൂപ പ്രകാരം പരമാവധി ₹40000 ധനസഹായം നൽകുന്നതാണ് താഴെ പരാമർശിക്കുന്ന പ്രൊജക്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്പെക്ടർ |
| പ്രൊജക്ടിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ |
| പ്രൊജക്ട് നമ്പർ | S0127/23 |
| അടങ്കൽ ₹1050000 | ₹750000 (പൊതുവിഭാഗം -വികസന ഫണ്ട്)<br>₹150000 (മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹150000 (മറ്റ് ജില്ലാ പഞ്ചായത്ത്) |

| | |
|---|---|
| ചെലവ് ₹1050000<br><br>ബിൽ നം. /തീയതി | A) 198/08.02.23 ₹52131<br>B) 197/08.02.23 ₹211404<br>C) 196/08.02.23 ₹189363<br>D) 195/08.02.23 ₹199878<br>E) 194/08.02.23 ₹97224<br>(ACR പ്രകാരം)<br>F)GP Bill No.6/2022-23,28.02.23<br>(ക്യാഷ് ബുക്ക് പ്രകാരം) ₹150000<br>G)GP Bill No.7/2022-23,28.02.23<br>(ക്യാഷ് ബുക്ക് പ്രകാരം) ₹150000 |

പഞ്ചായത്ത് തീരുമാനം പ്രകാരം കുണ്ടംകൈ, നിടുവാലൂർ, ചുഴലി, പെരിന്തലേരി, കുനം എന്നീ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ മുഖേനയാണ് പാൽ അളക്കുന്നത്.

1. ക്ഷീരോല്പാദക സംഘങ്ങൾ ലഭ്യമാക്കിയ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം പെരിന്തലേരി ക്ഷീരോല്പാദകസംഘത്തിൽ പാലളന്ന ആയിഷ കെ,സ്മിത കെ വി എന്നിവർക്ക് യഥാക്രമം 1311/-രൂപ, 2577/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മിൽക്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അക്കൗണ്ട് നമ്പറും ട്രഷറി ബിൽ പ്രകാരം ടിയാൾക്ക് തുക നൽകിയ അക്കൗണ്ട് നമ്പറും പൊരുത്തപ്പെടുന്നില്ല.

| | മിൽക്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അക്കൗണ്ട് നമ്പർ | ട്രഷറി ബിൽ പ്രകാരമുള്ള അക്കൗണ്ട് നമ്പർ | നൽകിയ തുക (രൂപ) |
|---|---|---|---|
| ആയിഷ കെ | 40508100002961 | 40508101030026 | ₹1311 |
| സ്മിത കെ വി | 40508100001548 | 40508100002961 | ₹2577 |

2. സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.5.22 പ്രകാരം ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ ടി ആനുകൂല്യം നൽകാൻ പാടുള്ളൂ. അപേക്ഷ, റേഷൻ കാർഡിന്റെ പകർപ്പ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

3. താഴെ പറയുന്നവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| പേര് | അക്കൗണ്ട് നമ്പർ | നൽകിയ തുക (രൂപ) |
|---|---|---|
| വിലാസിനി കെ | 40724101024344 | ₹23448 |
| പ്രീണ പി | 40508101004669 | ₹5757 |
| ജോജൻ കെ വർഗീസ് | 40465100003008 | ₹1065 |

പരാമർശം 1ലെ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ധനസഹായം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയത് സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനും മോളി ജോൺസൺ (A/c No.40466100005874), ജോൺസൺ (A/c No.40466100002333) എന്നിവരുടെ റേഷൻ കാർഡ് വിവരം ലഭ്യമാക്കുന്നതിനും പരാമർശം 2,3 അപാകങ്ങൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.26/29.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച മറുപടി/രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹1050000 തടസ്സപ്പെടുത്തുന്നു. മറുപടി/രേഖകൾ ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 അങ്കണവാടി പോഷകാഹാരം-പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ.

ചെങ്ങളായി പഞ്ചായത്തിലെ 37 അങ്കണവാടികളിലും ശിശുമന്ദിരത്തിലും ഭക്ഷണസാധനങ്ങൾ, അമൃതം ന്യൂട്രിമിക്സ് തുടങ്ങിയവ എത്തിച്ച് നല്കുന്നതുമായി ബന്ധപ്പെട്ടതാണ് താഴെ പരാമർശിക്കുന്ന പ്രൊജക്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | S0002/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾക്കും ശിശുമന്ദിരത്തിനും പോഷകാഹാരം |
| അടങ്കൽ<br>₹6322620 | ₹4322601 വികസന ഫണ്ട് സാധാരണവിഹിതം,<br>₹19 തനത് ഫണ്ട്<br>₹2000000 കേന്ദ്രാവിഷ്കൃത വിഹിതം |
| ചെലവ്<br>₹5766140<br><br>ബിൽ നമ്പർ,തീയതി | 3/25.4.22 ₹457086<br>19/3.6.22 ₹729525<br>32/29.6.22 ₹214055<br>33/29.6.22 ₹45688<br>49/27.7.22 ₹506584<br>54/12.8.22 ₹124345<br>71/13.9.22 ₹315038<br>82/27.9.22 ₹36887<br>85/10.10.22 ₹536547<br>87/13.10.22 ₹185078<br>134/28.11.22 ₹184627<br>138/6.12.22 ₹587521<br>161/28.12.22 ₹205258<br>214/9.2.23 ₹194351<br>(മേൽ സൂചിപ്പിച്ച വൗച്ചറുകൾ ACR പ്രകാരമുള്ളത്)<br>വൗച്ചർ നം.22201126/23.3.23 ₹680812<br>വൗച്ചർ നം.22201169/27.3.23 ₹762738 |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജി എസ് ടി-ടി ഡി എസ് കുറവ് ചെയ്തിട്ടില്ല

ഗുഡ്സ് & സർവ്വീസ് ടാക്സ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതിന് ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST+1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.ജി എസ് ടി -ടി ഡി എസ് ചെയ്യാതെയാണ് ന്യൂട്രിമിക്സ് യൂനിറ്റിന് ബിൽ തുക നല്കിയിട്ടുള്ളത്.

2022-23 സാമ്പത്തിക വർഷം ഒജാസ് ന്യൂട്രിമിക്സ് യൂണിറ്റ്, കണ്ണപ്പിലാവ്-ന് നല്കിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | അളവ് (കി.ഗ്രാം) | തുക (രൂപ) (70/കി ഗ്രാം + 5% ജി എസ് ടി) |
|---|---|---|
| 137/18.4.22 | 2116.125 | 155534 |
| 141/12.5.22 | 1031.94 | 75846 |
| 144/13.6.22 | 2143.125 | 157518 |
| 146/16.7.22 | 1944 | 142884 |
| 154/6.9.22 | 2200.5 | 161736 |
| 150/11.8.22 | 2085.75 | 153302 |
| 158/12.10.22 | 2176.875 | 160000 |
| 161/10.11.22 | 2001.375 | 147100 |

| | | |
|---|---|---|
| 166/13.12.22 | 2241 | 164714 |
| 170/21.1.23 | 2193.75 | 161241 |
| 171/04.3.23 | 2352.375 | 172899 |
| ആകെ | 22486.815 | ₹1652774 |

2. ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീയതി 26-03-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010 തീയതി 18.12.2010 പ്രകാരം സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ അങ്കണവാടികളിൽ വിതരണം ചെയ്ത ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്ത് പരിധിയിൽ 37 അങ്കണവാടികളാണുള്ളത്. ഓരോ അങ്കണവാടി മുഖേനയും പോഷകാഹാരം വിതരണം ചെയ്യുന്ന വിവിധ വിഭാഗങ്ങളിൽ പെടുന്ന ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.10/27.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശങ്ങൾക്കുള്ള മറുപടി/രേഖകൾ ലഭ്യമാക്കേണ്ടതാണ്. അപാകം 1-ൽ പരാമർശിച്ച ബില്ലുകൾ ജി എസ് ടി റിട്ടേണുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ, ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ, പോഷകാഹാരം വിതരണം ചെയ്യുന്ന ഗുണഭോക്താക്കളുടെ എണ്ണം എന്നീ രേഖകൾ കൂടി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രൊജക്ട് നമ്പർ / പേര് | 125/23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ<br>₹1450000 | ₹ 717000<br>(വികസനഫണ്ട്)<br>₹8000 (തനത്)<br>₹725000 (മറ്റുള്ളവ) |
| ചെലവ്<br>₹725000 | ₹ 717000 ( വികസനഫണ്ട് )<br>₹8000 (തനത്) |
| ബിൽനം/ തീയതി/തുക<br>(A.C.R പ്രകാരം) | 264/16.3.23/717000<br>222/17.2.23/6500<br>274/17.3.23/1500 |

ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 58 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി ₹725000 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട് (A/C NO. 71901140000003). ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത് സംബന്ധിച്ച് 27.9.23ന് നൽകിയ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ധനവിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-28 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവു ചെലവ് കണക്കുകൾ ഹാജരാക്കുന്നില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994,കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം).ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തികവർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. ചെങ്ങളായി ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ചെങ്ങളായി, ചുഴലി എന്നീ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് അയച്ചുതരാതിരുന്നത് വീഴ്ചയാണ്. വാർഷികകണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ സ്ഥാപനതലത്തിലുണ്ടായ വീഴ്ച സംബന്ധിച്ച് 27.9.23 ന് നൽകിയ 20ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വാർഷികകണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ തടസ്സങ്ങൾ ഇല്ലായെന്ന് അറിയിച്ചിട്ടുണ്ട്. വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-29 അടുക്കള മുറ്റത്തെ കോഴി വളർത്തൽ-സബ്സിഡി മാർഗ്ഗരേഖ,യൂണിറ്റ് കോസ്റ്റ് എന്നിവയിൽ അധികരിച്ച് തുക നൽകിയത്- 29000 രൂപ നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രൊജക്ട് നമ്പർ / പേര് | 174/23 മുട്ടക്കോഴി വിതരണം |
| അടങ്കൽ | ₹377000 (വികസനഫണ്ട്) |
| ചെലവ് | ₹ 377000 (വികസനഫണ്ട്) |
| ബിൽ നം./തീയതി/തുക (ACR പ്രകാരം) | 263/16.3.23/377000 |

പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി റിയ എഗ്ഗർ നഴ്സറിയിൽ നിന്നും ₹130 വിലയുള്ള കോഴിക്കുഞ്ഞുങ്ങളെയാണ് വാങ്ങി വിതരണം ചെയ്തിരിക്കുന്നത്. സ.ഉ(കൈ)നം.115/2022/തസ്വഭവ തി:28.5.22,ഖ 6.3.25 പ്രകാരം 5 കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന ഒരു യൂണിറ്റിന്റെ വില ₹600 ആണ്. ജില്ലാതല സാങ്കേതിക വിദഗ്ദസമിതിയുടെ 23-06-2022 തീയതിയിലെ യോഗതീരുമാന പ്രകാരം നിശ്ചയിച്ച യൂണിറ്റ് കോസ്റ്റും ₹600 തന്നെയാണ്. എന്നാൽ പ്രൊജക്ട് പ്രകാരം ₹650 നൽകിയിട്ടുണ്ട്. 580 ഗുണഭോക്താക്കൾക്കായി 2900 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തപ്പോൾ ₹29000 അധികം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ വിരുദ്ധമായി മാർഗ്ഗരേഖയിൽ അധികരിച്ച് തുക നൽകാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് 27.9.23 ന് നൽകിയ 22ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രസ്തുത നടപടി സാധൂകരിച്ചു നൽകുവാൻ സാങ്കേതിക വിദഗ്ധസമിതിയുടെ അനുമതി ലഭിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 23.2 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധന ദുർവിനിയോഗമായി കണക്കാക്കുമെന്ന് പറഞ്ഞതിനാൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ ലംഘിച്ച് കൊടുത്ത അധിക സബ്സിഡി 29000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഒന്നുകിൽ 29000/- രൂപ തിരിച്ചടക്കുകയോ അല്ലാത്തപക്ഷം യൂനികോസ്റ്റായി 650 രൂപ നൽകണമെന്ന സർക്കാർ ഉത്തരവോ ഹാജരാക്കി ഓഡിറ്റ് നിരാകരണം ഒഴിവാക്കേണ്ടതാണ്.

## 1-30 പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി.എസ്, പരിപ്പായി |
| പ്രോജക്ട് നം. | 179/23 |
| പ്രോജക്ടിന്റെ പേര് | പത്താമുദയം സെക്കണ്ടറി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹100000 (തനത് ഫണ്ട്) |
| ചെലവ് | ₹15910 (തനത് ഫണ്ട്) |
| ബിൽ നം/ തീയതി/തുക (A.C.R) | 376/31.3.23/15910 |

